# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 21 | 09.06.2014-ൽ മറുപടിയ്ക്ക്

### നഗര വനവത്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ആർ. സെൽവരാജ്<br>,, പി. സി. വിഷ്ണുനാഥ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |

എ) നഗര വനവത്കരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

എ) ഉ ണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(i) <u>തിരുവനന്തപുരം ജില്ല</u>

നഗര വനവത്കരണ പദ്ധതി പ്രകാരം സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ ശാസ്തമംഗലം മുതൽ വെള്ളയമ്പലം വരെയുള്ള നടപ്പാതയുടെ ഇരുവശങ്ങളിലും 100 വലിയ കോൺക്രീറ്റ് ചെടിച്ചട്ടികളിൽ അലങ്കാര സസ്യങ്ങൾ 2011-12 വർഷത്തിൽ വച്ചുപിടിപ്പിച്ചത് പരിപാലിച്ചു വരുന്നു. കൂടാതെ 'അർബൻ എൻവയോൺമെന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഫോർ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ' എന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയതിനെത്തുടർന്ന് തിരുവനന്തപുരം കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ അടുത്ത പ്ലാന്റിംഗ് സീസൺ മുതൽ വൃക്ഷവൽക്കരണം നടത്താനുള്ള നടപടികളും എടുത്തു വരുന്നു.

(ii) കോട്ടയം ജില്ല

കോട്ടയം - കോടിമത ഭാഗങ്ങളിൽ നഗര വനവത്കരണ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(iii) <u>എറണാകുളം ജില്ല</u>

എറണാകുളം ജില്ലയിലെ പി.ജെ. ആന്റണി റസിഡൻഷ്യൽ ഗ്രൗണ്ട് (200 തൈകൾ), കുസാറ്റ് കോമ്പൗ ണ്ട് (400 തൈകൾ), പെരുമ്പാവൂർ-പെരുങ്കുളം പുഞ്ചാമേട് (150

തൈകൾ), കളമശ്ശേരി പോളിടെക്നിക് മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഗ്രൗണ്ട് (300 തൈകൾ), ഏലൂർ ടോക് –എച്ച് സ്കൂൾ ഗ്രൗണ്ട് (150 തൈകൾ) പി.വി.ഐ.പി. കോമ്പൗണ്ട് (300 തൈകൾ) എന്നിവിടങ്ങളിലും തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

iV) <u>മലപ്പുറം ജില്ല</u>

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം- പെരിന്തൽമണ്ണ നാഷണൽ ഹൈവേയുടെ ഡിവൈഡറിൽ 45 എണ്ണം പോട്ടഡ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(v) <u>കോഴിക്കോട് ജില്ല</u>

കോഴിക്കോട് ജില്ലയിലെ സരോവരം ഭാഗത്ത് 60 വൃക്ഷതൈകൾ നട്ടു പിടിപ്പിച്ചു സംരക്ഷിച്ചു വരുന്നുണ്ട് കൂടാതെ വലിയ കോൺക്രീറ്റ് ചട്ടിയിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചത് സരോവരം ഏരിയയിൽ 30 എണ്ണവും, കോഴിക്കോട് ബീച്ചിൽ കോർപ്പറേഷൻ ഓഫീസിന് മുന്നിലായി 20 എണ്ണവും സ്ഥാപിക്കുന്നതിനായി നടപടികൾ പുരോഗമിച്ചു വരുന്നു.

(vi) <u>വയനാട് ജില്ല</u>

വയനാട് ജില്ലാ കളക്ടറേറ്റിൽ നഗരവനവൽക്കരണത്തിന്റെ ഭാഗമായി 47 തൈകൾ വച്ചുപടിപ്പിച്ചു

(vii) <u>കണ്ണൂർ ജില്ല</u>

കണ്ണൂർ ജില്ലയിൽ മുഴുപ്പിലങ്ങാട് നാഷണൽ ഹൈവേയിൽ 50 പോട്ടഡ് സീഡ്ലിംഗ്സ് സ്ഥാപിച്ചിട്ടുണ്ട്.

ടി പദ്ധതി ആരംഭിച്ചിട്ടില്ലാത്ത ജില്ലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന്

സ്ഥലം കണ്ടെത്തി നഗരവനവത്ക്കരണം നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ള ജില്ലകളിൽ ആയത് കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി എടുക്കുന്നു ണ്ട്.

| | |
|---|---|
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ | ബി) നഗരപ്രദേശങ്ങളിലെ താപനം കുറയ്ക്കുന്നതിനും വായുമലിനീകരണം കുറയ്ക്കുന്നതിനും നഗരവാസികൾക്ക് തണൽ നൽകുന്നതിനും നഗരത്തിന്റെ ഹരിതഭംഗി കൂട്ടുന്നതിനും ആഗോളതാപനത്തിന്റെ ദൂഷ്യഫലങ്ങൾ കുറയ്ക്കുന്നതിനും വൃക്ഷങ്ങളിൽ നിന്നുമുള്ള ഇക്കോളജിക്കൽ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇപ്രകാരമുള്ള ഹരിതവത്ക്കരണം വഴി കഴിയുമെന്നതിനാൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ആവശ്യകത, പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ആവശ്യകത, ആഗോളതാപനം മൂലമുള്ള ദോഷഫലങ്ങൾ എന്നിവയെപ്പറ്റി പൊതുജനങ്ങളിലും പ്രത്യേകിച്ച് നഗരവാസികളിലും അവബോധം വളർത്തുന്നതിനോടൊപ്പം പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട എല്ലാ നഗരങ്ങളിലെയും ലഭ്യമായ എല്ലാ ഭൂമിയിലും വനവത്കരണം നടത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| സി) പദ്ധതി നടപ്പിലാക്കാനായുള്ള സ്ഥലം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | സി) ബന്ധപ്പെട്ട എല്ലാ നഗരങ്ങളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ- അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ തുടങ്ങി വൃക്ഷം നടുന്നതിനുവേണ്ടി സ്ഥലങ്ങൾ ലഭ്യമാകുന്ന എല്ലായിടത്തും ബന്ധപ്പെട്ട എല്ലാവരെയും സഹകരിപ്പിച്ചും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി പൊതുജനപങ്കാളിത്തത്തോടുകൂടി പ്രധാന പാതയോരങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ |

വൃക്ഷവൽക്കരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. അപ്രകാരം അനുയോജ്യമായ സ്ഥലങ്ങളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചും, വൃക്ഷങ്ങൾ വളരുവാൻ അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ പോട്ടഡ് സീഡ്‌ലിംഗ് സ്ഥാപിച്ചും ഹരിതഭംഗി വർദ്ധിപ്പിക്കുവാനും, ഹരിതവ ത്ക്കരണം നടത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

| | | |
|---|---|---|
| ഡി) | എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കമോ ? | തിരുവനന്തപുരം കോർപ്പറേഷനിൽ . ഹരിതവൽക്കരണം നടത്തുന്നതിനുവേണ്ടി 'അർബൻ എൻവയോൺമെന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഫോർ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ' എന്ന പദ്ധതിക്ക് 13.12.2013-ലെ ജി.ഒ.(ആർറ്റി) നമ്പർ 181/13/Envt. പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിലേക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് പ്രകാരം ടി പദ്ധതി വ്യാപിപ്പിക്കുവാൻ നടപടികൾ എടുക്കുന്നുണ്ട്. തുടർന്നുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതിക്ക് ഇതിനകം തുടക്കം കുറിച്ചിട്ടുള്ള ജില്ലകളിൽ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാനും, ആരംഭിച്ചിട്ടില്ലാത്ത മറ്റ് ജില്ലകളിൽ ടി പദ്ധതി ആരംഭിക്കുവാനും നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ